(സി) സുപ്രധാന റോഡുകളിലെ ഏറ്റവും ഗതാഗത തിരക്കേറിയ പാലങ്ങൾ എന്ന പ്രത്യേക പരിഗണന നൽകി നബാർഡിന്റെ ധനസഹായം ലഭ്യമാക്കി സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ശ്രീശങ്കരാചാര്യ ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുഞ്ചക്കുടി പാലം നബാർഡ് സഹായം ലഭ്യമാക്കി പുനർനിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

നബാർഡിന്റെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികൾ

61 [1471] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി നബാർഡിന്റെ ധനസഹായമായി എന്തുതുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ നബാർഡിന്റെ ധനസഹായത്തോടെ ഏറ്റെടുത്ത പൊതുമരാമത്ത് പണികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികൾ സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2002-2003 ആർ. ഐ. ഡി. എഫ്. VIII

പാലങ്ങൾ—69.80 കോടി രൂപ

റോഡുകൾ—69.62 കോടി രൂപ

2003-2004 (ആർ. ഐ. ഡി. എഫ്. IX)

പാലങ്ങൾ—15.73 കോടി രൂപ

റോഡുകൾ—2.44 കോടി രൂപ

(ബി) ഏറ്റെടുത്ത പണികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†വൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പണികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

നബാർഡിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായം

62 [1472] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ പ്രവൃത്തികൾക്കുവേണ്ടി നബാർഡിൽനിന്ന് ഓരോ വർഷവും എത്രകോടി രൂപയാണ് കടമെടുത്തിട്ടുള്ളത്; ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ ഇനത്തിൽ ഓരോ വർഷവും എത്രകോടി രൂപയാണ് പ്രസ്തുത ഇനത്തിൽ നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നബാർഡിൽനിന്ന് വാങ്ങിയ തുകയിൽ എത്രകോടി രൂപ നാളിതുവരെ തിരിച്ചടച്ചിട്ടുണ്ട്;

(ഡി) എത്രകോടി രൂപയാണ് ഇനി നബാർഡിലേയ്ക്ക് തിരിച്ചടയ്ക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-2002: പാലങ്ങൾ—67.81 കോടി രൂപ
റോഡുകൾ—32.15 കോടി ,,
2002-2003: പാലങ്ങൾ—69.80 കോടി ,,
റോഡുകൾ—69.62 കോടി ,,
2003-2004: പാലങ്ങൾ—15.73 കോടി ,,
റോഡുകൾ—2.44 കോടി ,,

(ബി) നബാർഡിൽനിന്നും ലഭ്യമാകുന്ന വായ്പാതുക വിവിധ വകുപ്പുകളുടെ വിവിധ പദ്ധതികൾക്കുവേണ്ടിയാണ്. ഇതിന്റെ തിരിച്ചടവും പലിശ കണക്കാക്കുന്നതും മൊത്തത്തിലുള്ള തുകയെ അടിസ്ഥാനപ്പെടുത്തിയായതിനാൽ ഈ ഇനത്തിൽ ഓരോ വർഷവും പലിശയിനത്തിൽ നൽകിവരുന്ന തുകയുടെ വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നബാർഡിലേക്കു പലിശയിനത്തിൽ നൽകിയ തുക താഴെ കൊടുക്കുന്നു.

2001-2002—29.94 കോടി രൂപ.
2002-2003—41.60 കോടി രൂപ.
2003-2004—48.81 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly